**കേരള സർക്കാർ**

സംഗ്രഹം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **3413/2017/ധന**. തിരുവനന്തപുരം, തീയതി **18.04.2017**

---

പരാമർശം - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30.11.2016 ലെ A 2-2591/16-17 നമ്പരായുള്ള കത്ത്.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ റീഫണ്ട് ആനുകൂല്യങ്ങൾ ജില്ലാ ഓഫീസുകൾ വഴി ലഭ്യമാക്കുന്നതിനുവേണ്ടി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ജില്ലയിലുമുള്ള ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും അതാത് ജില്ലയിലെ ഫെഡറൽ ബാങ്കിൽ/ധനലക്ഷ്മി ബാങ്കിൽ ജില്ലാതല ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ജില്ലയിലുമുള്ള ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, മുണ്ടക്കൽ വെസ്റ്റ്, കൊല്ലം - 691 001
തൊഴിൽ (H) വകുപ്പ് ( e-file No. LBRD-H2/69/2016-LBRD പ്രകാരം )
ധനകാര്യ (H&L.A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ